# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിനാന്നൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/689/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2025
ഇ-മെയിൽ:
doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/689/2025

തീയ്യതി: 29/07/2025

# കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 16-06-2025 | 23-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-06-2025 | 23-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഗോപാലകൃഷ്ണ നായ്ക് പി ,ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീ.തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ .സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.കെ രവി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ലീന മോൾ എൻ .സി | സെക്രട്ടറി | 01-04-2024 | 02-05-2024 |
| ശ്രീമതി.ഷീല പി.യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2024 | 03-06-2024 |
| ശ്രീമതി. ലീന മോൾ എൻ .സി | സെക്രട്ടറി | 04-06-2024 | 23-06-2024 |
| ശ്രീമതി.ഷീല പി.യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-06-2024 | 03-07-2024 |
| ശ്രീമതി. ലീന മോൾ എൻ .സി | സെക്രട്ടറി | 04-07-2024 | 17-09-2024 |
| ശ്രീ.ബാബു ടി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2024 | 15-10-2024 |
| ശ്രീ.ഷെജി തോമസ് | സെക്രട്ടറി | 16-10-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീ( (മു( |
|---|---|---|
| ശ്രീമതി.ഷീല പി.യു | അസിസ്റ്റന്റ് സെക്രട്ടറി | 01 2( |
| ശ്രീ.ബാബു ടി വി | അസിസ്റ്റന്റ് സെക്രട്ടറി | 05 2( |
| ശ്രീമതി.ബെൽസി ബാബു | കൃഷി ഓഫീസർ | 01 2( |
| ശ്രീമതി.ജിജി ജെ | കൃഷി ഓഫീസർ | 16 2( |
| ഡോ.അഭിരാം എം.ജെ | വെറ്റിനറി സർജ്ജൻ | 01 2( |
| ശ്രീ.സുമേഷ് കുമാർ പി | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) (ഇൻ ചാർജ്ജ്) | 01 2( |
| ശ്രീ.ഉണ്ണി കെ | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 30 2( |
| ശ്രീമതി .രാജി. ടി | പ്രധനധ്യാപിക | 01 2( |
| ശ്രീ.സുരേഷ്.കുമാർ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കരിന്തളം സർക്കിൾ | 01 2( |
| ശ്രീ.സന്ദീപ് കുമാർ എസ് പൈ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കിനാനൂർ സർക്കിൾ | 01 2( |
| ശ്രീ.സുരേഷ്.കുമാർ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കിനാനൂർ സർക്കിൾ (ഇൻ ചാർജ്ജ്) | 18 2( |
| ശ്രീ.വിഷ്ണു പ്രസാദ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കിനാനൂർ സർക്കിൾ | 22 2( |
| ശ്രീ.സുരേഷ്.കുമാർ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കിനാനൂർ സർക്കിൾ (ഇൻ ചാർജ്ജ്) | 20 2( |
| ശ്രീ.വിഷ്ണു പ്രസാദ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കിനാനൂർ സർക്കിൾ | 20 2( |

| | | |
|---|---|---|
| ഡോ.മേഘപ്രിയ എ വി | മെഡിക്കൽ ഓഫീസർ കരിന്തളം കുടുംബാരോഗ്യ കേന്ദ്രം | 01 20 |
| ഡോ.സുമേഷ് സി എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01 20 |
| ഡോ.പ്രിയ കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01 20 |
| ശ്രീ.എബിൻ ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01 20 |
| സുമ പി സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01 20 |
| നീതു കെ ബാലൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09 20 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ ചെലവ് കണക്കിൽ അപാകത | 1-1-2 |
| 4 | വിധവ പെൻഷൻ -വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത | 1-1-3 |
| 5 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-4 |
| 6 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഡെപ്രീസിയേഷൻ-തെറ്റായി കണക്കാക്കി | 1-1-6 |
| 8 | സംയുക്ത പദ്ധതി -ട്രഷറി നീക്കിയിരിപ്പും ബാദ്ധ്യതാ കണക്കും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. | 1-1-8 |
| 10 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നല്കിയ തുക അഡ്വാൻസ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ബാദ്ധ്യതാ കണക്ക്- വിശദാംശം ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | ട്രഷറി അക്കൗണ്ട്- വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-11 |
| 13 | പകൽ വീട് കെയർ ഗിവറുടെ വേതനം- വരുമാന കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 19 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 20 | ക്യാഷ് ബാലൻസ് | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ആംബുലൻസ് നടത്തിപ്പ് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-10 |
| 23 | ഹരിതകർമ്മസേന വാഹനം - ഡ്രൈവർക്ക് വേതനം നൽകിയത് സംബന്ധിച്ച് | 1-11 |
| 24 | KSEB ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ - വിനിയോഗ സാക്ഷ്യപത്രം  ലഭ്യമാക്കിയില്ല | 1-12 |
| 25 | അംഗനവാടി പോഷകാഹാര വിതരണം - ഒരേ ആവശ്യത്തിന് രണ്ടുപ്രാവശ്യം തുക പിൻവലിച്ച് ചെലവഴിച്ചു-3,39,683/-രൂപ നിരാകരിക്കുന്നു. | 1-13 |
| 26 | പെൺകുട്ടികൾക്ക് കരാട്ടെ - ജൂഡോ പരിശീലനം- വാങ്ങിയ യൂണിഫോം ഉപയോഗിച്ചില്ല-ചെലവ് നിരാകരിക്കുന്നു. | 1-14 |
| 27 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകിയതിൽ അപാകതകൾ | 1-15 |
| 28 | വനിതകൾക്ക് കലാകായിക മത്സരങ്ങൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ | 1-16 |
| 29 | ഡയാലിസിസ് രോഗികൾക്ക് മരുന്ന്- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-17 |
| 30 | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ്- നിർവ്വഹണത്തിൽ അപാകത | 1-18 |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | SSK വിഹിതം അടവാക്കൽ പദ്ധതി- അപാകതകൾ | 1-20 |
| 33 | തുടർ വിദ്യാകേന്ദ്രത്തിന് ഫർണിച്ചർ- പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-21 |

| | | |
|---|---|---|
| 34 | തുല്യത കോഴ്സ് ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 35 | സ്കൂളുകളിൽ സോളാർ സ്ഥാപിക്കൽ - സോളാർ സ്ഥാപിച്ചില്ല. | 1-23 |
| 36 | സ്ക്കൂളുകളിൽ ന്യൂട്രി ഗാർഡൻ പ്ലാന്റേഷൻ-രേഖകൾ ഹാജരാക്കിയില്ല. | 1-24 |
| 37 | അംഗനവാടികളിൽ ന്യൂട്രി ഗാർഡൻ പ്ലാന്റേഷൻ-രേഖകൾ ഹാജരാക്കിയില്ല. | 1-25 |
| 38 | ധാതു ലവണ മിശ്രിതം- വിതരണം പൂർത്തിയായില്ല. | 1-26 |
| 39 | ലൈഫ് ഭവനം ജനറൽ- മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയിൽ നിന്നും അധികമായി തുക അനുവദിച്ചു. | 1-27 |
| 40 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-28 |
| 41 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം -അവലോകനം | 1-29 |
| 42 | ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അംഗനവാടി പോഷകാഹാര വിതരണം - ഒരേ ആവശ്യത്തിന് രണ്ടുപ്രാവശ്യം തുക പിൻവലിച്ച് ചെലവഴിച്ചു-3,39,683/-രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | പെൺകുട്ടികൾക്ക് കരാട്ടെ - ജൂഡോ പരിശീലനം- വാങ്ങിയ യൂണിഫോം ഉപയോഗിച്ചില്ല-ചെലവ് നിരാകരിക്കുന്നു. | 3-2 |
| 3 | ലൈഫ് ഭവനം ജനറൽ- മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയിൽ നിന്നും അധികമായി തുക അനുവദിച്ചു. | 3-3 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചാ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും 14.05.2025 ലെ 1/1 തീരുമാനം പ്രകാരം തയ്യാറാക്കി 15.05.2025 തീയതിയിൽ ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ മാ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ് സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യ പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യാ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതു ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകു വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവ കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിനാനൂർ കര പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം ന

കാസറഗോഡ്

29.07.2025

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുന ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേ ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലെ ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂ ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

## 1-1-2 തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ ചെ കണക്കിൽ അപാകത

എ) തൊഴിലുറപ്പ് പദ്ധതി ചെലവിൽ നിന്നും വാർഷിക ധനകാര്യപത്രികയിൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല. പദ്ധതി അധികൃതർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 85,36,038 രൂപയാണ് കോൺട്രിബ്യൂഷൻ. എന്നാൽ ലെഡ്ജർ (No. 312100128) പ്രകാരം ഈ തുക ര ഉൾപ്പെടുത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി അധികൃതർ ലഭ്യമാക്കിയ കണക്ക് പ്രകാരം ആകെ ചെലവ് 8 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ ക്യാപിറ്റൽ(യഥാർത്ഥ) ചെലവുമായി (7,81,39,839+85,36,038=8,66,75,877) പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം 20,23,002). തൊഴിലുറപ്പ് പദ്ധതി കണക്ക് വാർഷി പത്രികയിൽ ഉൾപ്പെടുത്തിയതിൽ വ്യത്യാസം ഉണ്ടായതിനുള്ള കാരണം പരിശോധിച്ച് ക്രമീകരണങ്ങൾ വരുത്തേണ്ടതാണ് .

ബി) തൊഴിലുറപ്പ് പദ്ധതി വേതനം ഇനത്തിൽ അധികം നല്കിയ തുക തിരിച്ചട തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ടിൽ വരവ് വെയ്ക്കുകയും 6/12/2024 ൽ സംസ്ഥാന തിരിച്ചടയ്ക്കുകയും ചെയ്തു. എന്നാൽ ബാലൻസ് ഷീറ്റിൽ ബാധ്യതാ കണക്കിൽ നിന്നും ( Other Liabilities ) പ്രസ്തുത തുക കുറവ് വരുത്തിയിട്ടില്ല.

## 1-1-3 വിധവ പെൻഷൻ -വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത

പരിശോധനയ്ക്ക് ലഭ്യമാക്കിയ ക്ഷേമ പെൻഷൻ DBTസ്റ്റേറ്റ്മെന്റ് പ്രകാരം ഓഡ വിധവാപെൻഷൻ ഇനത്തിലെ ചെലവ് തുക 2,13,36,100/-രൂപയാണ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6പ്രകാരം (ഹെഡ് :160100737) 4, രൂപയാണ് ഈയിനത്തിൽ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 31.03.2025-

വൗച്ചർ നം. J42401667, J42401668 എന്നിവ പ്രകാരം 2,13,36,100/-രൂപ രണ്ട് പ്രവ
കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-4 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2) ഇ പ്രകാരം അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർ വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-5 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെ

31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KR ഹെഡിലെ നീക്കിയിരിപ്പ് 1,80,74,395 രൂപയാണ്. എന്നാൽ തത്തുല്ല്യമാറേ 440500101-Prepaid Programme Expenses എന്ന ഹെഡിലെ നീക്കിയിരിപ്പ് 1 രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

## 1-1-6 ഡെപ്രീസിയേഷൻ-തെറ്റായി കണക്കാക്കി

2024-25 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/201 തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Polici ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്.

## 1-1-7 സംയുക്ത പദ്ധതി -ട്രഷറി നീക്കിയിരിപ്പും ബാദ്ധ്യതാ കണക്കും പൊരുത്തപ്പെ

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി വെഞ്ച്വർ അക്കൗണ്ട്- 0044 ൽ 31.03.2025 ന് നീക്കിയിരിപ്പില്ല. എന്നാൽ 31.0 ബാലൻസ് ഷീറ്റ് പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച കോൺട്രിബ്യ നീക്കിയിരിപ്പുള്ളത് ചുവടെ ചേർത്ത പ്രകാരം 20,72,654/-രൂപയാണ്.

| Sl.No. | Head No | Amount |
|---|---|---|
| 1 | 320700104 -Block JV Capital | 1642418 |
| 2 | 320700105- DP JV Capital | 90736 |
| 3 | 320700205- DP JV Revenue | 40000 |
| 4 | 320700305- DP JV Capital | 50000 |
| 5 | 320700404- Block JV Revenue | 114500 |
| 6 | 320700405- DP JV Revenue | 135000 |

അധികൃതർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ട്രഷറിയിൽ ഉണ്ടായിരുന്ന സംയു അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർത്ത പ്രകാരം സർക്കാർ തിരിച്ചെടു

| Sl.No. | Account No | Amount | Redumtion Date |
|---|---|---|---|
| 1 | 799013100000044 | 1500000 | 31/03/2022 |
| 1 | 799013100000720 | 587738 | 20/03/2023 |

മേൽ തുകകൾ നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ബാദ്ധ്യ ക്രമീകരിക്കുന്നതിനായി ഇക്കാര്യം ഭരണ വകുപ്പ് മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-8 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 HEAD 4605005( നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയതും മറ്റ് ആവശ്യങ്ങൾക്കായി പിൻവലിച്ചതുമായ ഇനത്തിൽ 8,17,003 രൂപ 31.03.2025 ൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ/ഇനം | 31.03.2025 ൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ ഹോമിയോ (ഓഫീസ് ചെലവ്) | 15, |
| 2 | അസി. എഞ്ചിനിയർ (LID &EW) (ഓഫീസ് ചെലവ്) | 52, |
| 3 | മെഡിക്കൽ ഓഫീസർ FHC (ഓഫീസ് ചെലവ്) | 2,98, |
| 4 | കൃഷി ഓഫീസർ (ഓഫീസ് ചെലവ്) | 19, |
| 5 | മെഡിക്കൽ ഓഫീസർ GAD കാട്ടിപ്പൊയിൽ (ഓഫീസ് ചെലവ്) | 50, |
| 6 | വെറ്ററിനറി സർജ്ജൻ (ഓഫീസ് ചെലവ്) | 7, |
| 7 | മെഡിക്കൽ ഓഫീസർ GAD പരപ്പ (ഓഫീസ് ചെലവ്) | 9, |
| 8 | അഡ്മിനിസ്ട്രേഷൻ ചെലവ് | 2, |
| 9 | കോവിഡ് ചെലവ് | 20, |
| 10 | മഴക്കാല പൂർവ്വ ശുചീകരണം | 3,40, |
| | ആകെ | 8,17, |

പ്രസ്തുത തുകകൾ ക്രമീകരിക്കുവാനോ അല്ലെങ്കിൽ ഉത്തരവാദപ്പെട്ടവരിൽ നിന്നു ഈടാക്കുവാനോ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഷെഡ്യ HEAD 460100199, 460500204, 460500399 എന്നിവ പ്രകാരമുള്ള മുൻകൂർ തുകക പരിശോധിച്ച് പ്രസ്തുത തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പ ലഭ്യമാക്കേണ്ടതാണ്.

## 1-1-9 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നല്കിയ തുക അഡ്വാൻസ് കണക്കിൽ ഉൾപ്പെടുത്ത

ചുവടെ ചേർത്ത പ്രകാരം 2024-25 വർഷം KSEB യിൽ നിക്ഷേപിച്ച 9,39,583/-രൂ ധനകാര്യ പത്രിക B 18 ഷെഡ്യൂൾ പ്രകാരമുള്ള 460500202- Deposit With KSEB എ ഉൾപ്പെടുത്തിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂ നൽകി തുക |
|---|---|---|---|
| KSEB | 247/24-25 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | Bill.No.24200352002200162715/ Dt. 28.06.2024 | 8,63,85 |
| | | Bill.No.24200352002200103322 2/ Dt. 18.12.2024 | 75,729 |

## 1-1-10 ബാദ്ധ്യതാ കണക്ക്- വിശദാംശം ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ B4 പ്രകാരം 31.03.2025 ൽ അവശേഷിക ചേർത്ത ബാധ്യതാ തുകകളുടെ കൃത്യത ഉറപ്പുവരുത്തി നീക്കിയിരിപ്പ് തുകകൾ ഏതൊ ട്രഷറി അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നത് സംബന്ധിച്ച വിശദാംശം പ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകകൾ വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിച്ച ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഹെഡ്സ് | തുക |
|---|---|---|
| 1 | 320100105 | 665858 |
| 2 | 320100139 | 715935 |
| 3 | 320100145 | 125000 |
| 4 | 320100152 | 100000 |
| 5 | 320100191 | 50130 |
| 6 | 320100198 | 1564197 |
| 7 | 320100200 | 572851 |
| 8 | 320200214 | 1630290 |
| 9 | 320200301 | 5881 |
| 10 | 320200399 | 1992804 |
| 11 | 320300199 | 3711201 |

കൂടാതെ വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ B9 പ്രകാരം (31.03.2025 ൽ ) സർ വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാൻ അവശേഷിക്കുന്ന തുകകൾ ഒടുക്കുവാൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം (മുൻ വർഷങ്ങളിൽ അവശേഷിച്ച ഉൾപ്പടെ) പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നവെങ്കിലും മറുപടി ലഭ്യമാക്ക് ഓഡിറ്റ് എൻക്വയറി.നം. 15/ 21-06-2025.

## 1-1-11 ട്രഷറി അക്കൗണ്ട്- വിശദാംശം ലഭ്യമാക്കിയിട്ടില്ല

ട്രഷറി അക്കൗണ്ട് നമ്പർ -01 പ്രകാരം 578/- രൂപ നീക്കിയിരിപ്പുള്ളതായി ധനകാര്യ രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ വർഷങ്ങളായി തുടരുന്ന പ്രസ്തു ട്രഷറി സ്റ്റേറ്റ്മെന്റ്, റീക്കൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയ

## 1-1-12 പകൽ വീട് കെയർ ഗിവറുടെ വേതനം- വരുമാന കണക്കിൽ ഉൾപ്പെടുത്തി

പകൽ വീട് കെയർ ഗിവറുടെ വേതനം ഇനത്തിൽ ഡിപ്പാർട്ട്മെന്റ് അനുവദിച്ച 35000/ 24200352002201659748/ 25.03.2025 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെല പ്രസ്തുത ചെലവ് തുക വാർഷിക ധനകാര്യപത്രിക വരുമാന കണക്കിൽ ഉൾപ്പെടുത്തിയിട്ടി

## 1-2 ബജറ്റ്

2024-25വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഭരണ സമിതി തീരുമാനം , തിയതി | ബജറ്റ് 1/1 തി. 14.02.2024 | പുതുക്കിയ ബജറ്റ് 3/1 തി. 14.02.2025 |
|---|---|---|
| മുന്നിരിപ്പ് | 1,86,19,769 | 2,75,87,343 |
| വരവ് | 38,10,12,908 | 48,25,04,241 |
| ആകെ | 39,96,32,677 | 51,00,91,584 |
| ചെലവ് | 38,50,96,208 | 48,84,96,724 |
| നീക്കിയിരിപ്പ് | 1,45,36,469 | 2,15,94,860 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വ വിവരങ്ങൾ)

| വർഷം | 2024-25 |
|---|---|
| മുന്നിരിപ്പ് | 6,83,52,335 |
| വരവ് | 6,86,69,136 |
| ആകെ | 13,70,21,471 |
| ചെലവ് | 5,88,49,840 |
| നീക്കിയിരിപ്പ് | 7,81,71,631 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,61,05,000 | 2,61,05,000 | 2,61,04,450 | - |
| വികസനഫണ്ട് എസ്.സി.പി. | 0 | 9,36,000 | 9,36,000 | 8,84,607 | - |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 64,84,000 | 64,84,000 | 64,84,000 | - | |
| MG- റോഡ് | 0 | 3,46,03,000 | 3,46,03,000 | 2,45,85,135 | - | 1 |
| MG- നോൺറോഡ് | 0 | 1,90,98,000 | 1,90,98,000 | 1,62,47,807 | - | |
| CFC- Tied | 50,54,112 | 1,00,15,203 | 1,50,69,315 | 42,88,672 | 1,07,80,643 | |
| CFC- Basic | 24,88,637 | 49,70,766 | 74,59,403 | 23,40,337 | 51,19,066 | |
| ബ്ലോക്ക് പഞ്ചായത്ത് | 17,56,918 | 47,51,736 | 65,08,654 | 47,51,736 | 17,56,918 | |
| ജില്ലാ പഞ്ചായത്ത് | 3,15,736 | 78,93,556 | 82,09,292 | 78,93,556 | 3,15,736 | |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | |
| സ്വച്ഛ ഭരത് അഭിയാൻ | 0 | 19,36,549 | 19,36,549 | 19,36,549 | 0 | |
| ICDS കേന്ദ്ര വിഹിതം | 46,49,356 | 25,39,245 | 71,88,601 | 35,97,625 | 35,90,976 | |
| NPRPD | 1,25,000 | 0 | 1,25,000 | 0 | 1,25,000 | |
| പൈക്ക | 6,83,078 | 0 | 6,83,078 | 0 | 6,83,078 | |
| വെസ്റ്റേൺഗാട്ട് | 4,677 | 187 | 4,864 | 0 | 4,864 | |
| ഹെൽത്ത് ഗ്രാന്റ് - 320100202 | 1,85,711 | 4,04,778 | 5,90,489 | 1,69,691 | 4,20,798 | |
| ഹെൽത്ത് ഗ്രാന്റ് - 320100204 | 6,856 | 6,32,169 | 6,39,025 | 0 | 6,39,025 | |
| NHM ഫണ്ട് | 7,62,014 | 0 | 7,62,014 | 46,079 | 7,15,935 | |
| അവാർഡ് തുകകൾ Centrel | 5,52,033 | 5,00,000 | 10,52,033 | 3,86,175 | 6,65,858 | |
| **സംസ്ഥാനാവിഷ്കൃത പദ്ധതികൾ** | | | | | | |
| സാക്ഷരത | 1,185 | 0 | 1,185 | 0 | 1,185 | |
| ശുചിത്വമിഷൻ | 15,64,197 | 0 | 15,64,197 | 0 | 15,64,197 | |
| ജലനിധി | 1,26,72,813 | 11,67,106 | 1,38,39,919 | 90,212 | 1,37,49,707 | |
| ST-കോർപ്പസ് ഫണ്ട് | 1630290 | 0 | 1630290 | 0 | 1630290 | |
| സായംപ്രഭ | 20,953 | 583 | 21536 | 0 | 21,536 | |
| BMC ഫണ്ട് | 48,678 | 0 | 48,678 | 23,678 | 25,000 | |
| Pandemic / Epidemic | 8,249 | 244 | 8,493 | 0 | 8,493 | |

| | | | | | |
|---|---|---|---|---|---|
| Control | | | | | |
| ലൈഫ് സംസ്ഥാന വിഹിതം | 46,25,608 | 0 | 46,25,608 | 17,10,000 | 29,15,608 |

1).വികസന ഫണ്ട് (ജനറൽ) സ്രോതസ്സിൽ നിന്നും ഈടാക്കിയ ₹27,17,647 രൂപ മിഷൻ വായ്പ തിരിച്ചടവ്-ജനറൽ ഇനത്തിൽ 14,03,647 രൂപ, അംഗനവാടി ജീ പ്രതിഫല ഇനത്തിൽ 13,14,000 രൂപ) വികസന ഫണ്ട്(ടി.എസ്.പി) സ്രോതസ്സിൽ നി മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ ഈടാക്കിയ 3,68,062 രൂപയും മേൽപട്ടികയി ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2).തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികള്‍ എന്നീയിനങ്ങളിൽ 2024-25 വർഷം 8,26,29,207/- രൂപ ഗുണഭോക്താക്കളുടെ അക്ക നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർ പദ്ധ ശ |
|---|---|---|---|---|---|---|
| 318 | 310855634 | 223 | 112548302 | - | 95 | 7 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെല ശത നം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 9017266 | 18 | 7498139 | 83. |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 3253068 | 13 | 3098745 | 95. |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 120562142 | 83 | 43855454 | 36. |
| 4 | കൃഷി ഓഫീസർ | 8 | 2436372 | 8 | 1448726 | 59. |
| 5 | വെറ്റിനറി സർജ്ജൻ | 7 | 6151824 | 7 | 2782237 | 45. |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 30 | 141771392 | 26 | 32661942 | 23. |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27 | 10100683 | 24 | 6353451 | 62. |
| 8 | പ്രധാനധ്യാപകൻ | 12 | 2607126 | 12 | 2541618 | 97. |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 5 | 2745000 | 5 | 2745000 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 10 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 26 | 8134791 | 23 | 6373281 | 78. |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 605970 | 2 | 558731 | 92. |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 3470000 | 2 | 2630978 | 75. |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | - | - | - | - | - |
| | ആകെ | 318 | 310855634 | 223 | 112548302 | 36. |

കുറിപ്പ്: 1) വികസന ഫണ്ട് (ജനറൽ, ടി.എസ്.പി) അലോട്ട്മെന്റ് സ്രോതസ്സിൽ ന വരുത്തിയ 30,85,709/- രൂപ സുലേഖ ചെലവ് പത്രികയിൽ ചെലവിൽ ഉൾപ്പെടുത്തിയ് അടങ്കലിൽ ഉൾപ്പെട്ടിരുന്നില്ല. മേൽ പട്ടികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയു അടങ്കലിലും ആകെ അടങ്കൽ തുകയിലും പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയ |
|---|---|---|---|---|---|
| ഭരണച്ചെലവ് | 58 | 20,23,108 | 20,23,166 | 20,23,002 | 164 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8,26,29,207 | 8,26,29,207 | 8,26,29,207 | 0 |
| **ആകെ** | **58** | **8,46,52,315** | **8,46,52,373** | **8,46,52,209** | **164** |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2024-25 വ പദ്ധതികളുൾപ്പെടുന്ന 22.45 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് അംഗീകാരം നേടിയിരുന്നു. തൻവർഷം 571 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിലായി ആകെ 195771 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദി ലഭിച്ച 1215 കുടുംബങ്ങളുണ്ട്. തൊഴിലുറപ്പ് പദ്ധതി ചെലവ് വാർഷിക ധനകാര്യ ഉൾപ്പെടുത്തിയതിൽ പൊരുത്തക്കേടുണ്ട്. ആയത് ഈ റിപ്പോർട്ടിലെ ഖണ്ഡിക പരാമർശിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 93,64,800 | 596 |
| വിധവാപെൻഷൻ | 2,13,36,100 | 1416 |
| വാർദ്ധക്യകാലപെൻഷൻ | 2,99,19,200 | 2232 |
| വികലാംഗപെൻഷൻ | 60,27,800 | 397 |
| അവിവാഹിതകളായ 50 വയസ്സിനമേൽ | 8,67,600 | 58 |

| | | |
|---|---|---|
| പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ പരിശോധന 16.06.2025 തീയതിയിൽ 3 P.M ന് സ്ഥാപനത്തിലെ ഉത ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 12,814/ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2024-25 കാലയളവിൽ ILGMS സോഫ്റ്റ്വെയർ വഴിയാണ് സാമ്പത്തിക വ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾ നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ ഒടുക്കിവരുന്നുണ്ട്.

ഓഡിറ്റ് വർഷം 7തവണ മാത്രമാണ് ജീവനക്കാരുടെ യോഗങ്ങൾ ചേർന്നിട്ടുള്ളത്. 20 സെപ്തംബർ, ഒക്ടോബർ, ഡിസംബർ, 2025 മാർച്ച് എന്നീ മാസങ്ങളിൽ ജീവനക്കാര ചേർന്നിട്ടില്ല. 05.01.2025, 20.02.2025തിയതികളിൽ ചേർന്ന സ്റ്റാഫ് മീറ്റീംഗ് മ തീരുമാനം രേഖപ്പെടുത്തി ക്ലോസ്സ് ചെയ്തിട്ടില്ല. ജീവനക്കാരുടെ ജോലി പുരോഗ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ നടപടികൾ സ്വീകരിക്ക പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവ നടപ്പാക്കേണ്ടതാണ്

ഓഡിറ്റ് വർഷം വിവിധ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് മ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ 1 രൂപയും, നോൺ റോഡ് വിഭാഗത്തിൽ 28,50,193 രൂപയും വിനിയോഗിക്കാൻ ന ലാപ്സായിട്ടുണ്ട്.

2024-25വർഷം 100% നികുതി പിരിവ് കൈവരിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ട നികുതിയിതര വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്കുപെൻസിക്കു ശേഷമുള്ള കൂട്ടിചേർക്കലുക വിധേയമാക്കേണ്ടതും അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേ

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള നടപടികൾ നാളിതുവരെ പൂർണമായി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ ചേ കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയിൽ ബാദ്ധ്യതയിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യമായ ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ബാദ്ധ്യത തുകകളുടെ കൃത്യത ഉ വിശദവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ആംബുലൻസ് നടത്തിപ്പ് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാ

ഗ്രാമപഞ്ചായത്തിന് 2023-24 വർഷം സംഭാവനയായി ലഭിച്ച KL 79 A 8 ആംബുലൻസിന്റെ വാടക ഇനത്തിൽ ഓഡിറ്റ് വർഷം 4,00,600/- രൂപ വരവ് ലഭിച്ചിട്ടുണ്ട വാഹനത്തിന്റെ നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്താണ് വഹിക്കുന്നത്. മുൻകാലങ്ങള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക നല്കികൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളിൽ നടത്തിപ്പ് ചുമതല പൂർണ്ണമായും ആശുപത്രി വികസന സമിതികൾക്കായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാ (സാ) നം 1350/2025/LSGD 31.5.2025 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംഘ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതും ജില്ലാ ആശുപത്രിയുടെ മാനേജ് മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം ആംബുലൻസ് വാങ്ങാവുന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ അർഹതയുള്ള നിർദ്ധന വി (അതി ദരിദ്രർ , മുൻഗണന റേഷൻ കാർഡുള്ള SC/ST വിഭാഗക്കാർക്ക്) ആംബുലൻസ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നല്കാവുന്നതാണെന്നും പരാമർശിച്ചി പഞ്ചായത്തിന് ആംബുലൻസ് സംഭാവനയായി ലഭിച്ചതാണെങ്കിലും ആംബുലൻസ് ആശുപത്രി വികസന സമിതികൾ മുഖേന നിർവ്വഹിക്കണമെന്നുള്ള സർക്കാരിന്റെ നിർദ്ദേശം പാലിക്കുവാൻ ഗ്രാമ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ് .

ആംബുലൻസ് വാടക വരവ് രസീതി ബുക്കുകൾ പരിശോധിച്ചതിൽ കിലോമീ വിശദാംശങ്ങൾ രസീതുകളിൽ രേഖപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ യാത്രകളിൽ വ്യത്യസ്ത നിരക്കാണ് ഈടാക്കിവരുന്നത്. ചില രോഗികൾക്ക നൽകാറുള്ളതിനാലാണ് നിരക്കിൽ വ്യത്യാസം ഉണ്ടായിട്ടുള്ളതെന്ന് വാഹന സൂചിപ്പിക്കുകയുണ്ടായെങ്കിലും വാഹന വാടക നിരക്ക് , ഇളവുകൾ തുടങ്ങിയ കാര്യങ്ങൾ ഭരണ സമിതി തലത്തിൽ തീരുമാനമെടുത്തത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ട്രാ D(B) വകുപ്പിന്റെ 12/2/2025ലെ G.O(P) No.4/2025/Tran പ്രകാരം ആംബുലൻസുക നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. വാഹന വാടക നിരക്ക് സർക്കാർ ഉത്തര ക്രമപ്പെടുത്തേണ്ടതും ഏതെങ്കിലും വിഭാഗക്കാർക്ക് ഇളവ് നല്കേണ്ടി വന്നാൽ സ. 1350/2025/LSGD 31.5.2025 ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അതിദരിദ്രർ, മുൻഗ കാർഡുള്ള SC/ST വിഭാഗക്കാർ എന്നിവർക്കായി പ്രസ്തുത ഇളവ് പരിമിതപ്പെടുത്തേണ്ട സാധൂകരിക്കുന്ന രേഖകൾ, ഭരണ സമിതി തീരുമാനങ്ങൾ എന്നിവ സൂക്ഷിക്കേണ്ടതും രസീതികളിലും പ്രത്യേക രജിസ്റ്ററിലും രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ വർഷം വാടക ഇളവ് നല്കിയവരുടെ വിശദാംശം, ഉൾപ്പെടുന്ന വിഭാഗം എന്നിവ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിരക്ക് നിശ്ചയിച്ച് ഭര തീരുമാനമെടുത്തതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, പിന്നോക്ക പ്രദേശമാ കരിന്തളം ഗ്രാമപഞ്ചായത്തിലെ നിരാംലബരായ രോഗികൾക്ക് ഒരു ആശ്രയമായ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ആമ്പുലൻസ് ഓടുന്നതെന്ന് മറുപടി നല്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.08/ 20.06.2025

## 1-11 ഹരിതകർമ്മസേന വാഹനം - ഡ്രൈവർക്ക് വേതനം നൽകിയത് സംബന്ധ

സെക്രട്ടറി നിർവഹണം നടത്തിയ ഹരിതകർമ്മസേന വാഹനം - ഡ്രൈവറു (പ്രോ.നം.07/25) എന്ന പദ്ധതി പ്രകാരം 1,52,570/- രൂപ തനതുഫണ്ടി വിനിയോഗിച്ചിട്ടുണ്ട്.

മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനക്ക് ത ലക്ഷത്തോളം രൂപയുടെ വരവുണ്ട്. ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഒരു മുച്ചക്രവാഹനമുപ ഹരിതകർമ്മസേന സാധന സാമഗ്രികൾ ശേഖരിക്കുന്നത്. എന്നാൽ ഹരിതകർമ്മസേ ആർക്കും തന്നെ ഡ്രൈവിങ് ലൈസൻസ് ഇല്ലാത്തതിനാൽ ശ്രീ.ബാബു കെ, കരി എന്നയാളെ ഭരണസമിതിയുടെ 11.01.2023 ലെ 4/1 നമ്പർ തീരുമാന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡ്രൈവറുടെ വേതനം തനത് ഫണ്ടിൽ നിന്നുമാണ് വിനിയോഗിച്ചിട്ടുള്ളത്. ഹരിതകർമ്മസേനയുടെ വരുമാനത്തിൽ നിന്നും കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്ക

2. അടിയന്തിരമായി ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കി ഹരിതകർമ്മസേനാംഗങ്ങ വാർഡ് പരിധിയിൽ നിന്നും മാലിന്യശേഖരണം നടത്തി അതത് എം സി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ദിവസവേതന നിയമനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പ ശ്രദ്ധിക്കേണ്ടതാണ്.

4. ഹരിതകർമ്മസേന വാഹനത്തിൽ ഡ്രൈവറായി ജോലി നോക്കുന്നവർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട സ.ഉ.(സാധാ)നം.1739/2023/LSGD തിയതി.25.08.2023 നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തുടർ വർഷങ്ങളിൽ വേതനം നൽകുന്നതിനുള്ള തുക, ഹരിതകർമ്മസേനയുടെ ഫ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം .17/ 23.06.2025.

## 1-12 KSEB ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാ

സെക്രട്ടറി നിർവഹണം നടത്തിയ സ്ട്രീറ്റ് മെയിൻ വലിക്കൽ- KSEB ക്ക് തുക ഡെപ്പോ (പ്രോ.നം.247/25) എന്ന പദ്ധതി പ്രകാരം KSEB, ഭീമനടി സെക്ഷനിൽ, വികസ (ജനറൽ) നിന്നും ₹9,39,583/- ചുവടെ പറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

1. BRN: 242003520022010332222/13.12.2024 : 75,729/-

2. BRN: 2420035200220016271 5/ 09.05.2024 : 8,63,854/-

പ്രസ്തുത ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 9,39,583/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം .17/23.06.2025.

## 1-13 അംഗനവാടി പോഷകാഹാര വിതരണം - ഒരേ ആവശ്യത്തിന് രണ്ടുപ്രാവശ്യ പിൻവലിച്ച് ചെലവഴിച്ചു-3,39,683/-രൂപ നിരാകരിക്കുന്നു.

2024-25 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹ അംഗനവാടി പോഷകാഹാര പദ്ധതി (97/25) യിൽ ഭക്ഷ്യവസ്തുക്കൾ വിതരണം കാസർഗോഡ് ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് സ്റ്റോർസ് ( എന്ന സ്ഥാപനത്തിന്റെ 22.05.2024 ലെ ബിൽ (Doc.No: HOAS 13) പ്രകാരമു കടത്തുകൂലിയും (ആകെ 2,20,944/- രൂപ), രുചി ന്യൂട്രിമിക്സ് യൂണിറ്റ്, കാട്ടിപ്പൊ സ്ഥാപനത്തിന്റെ Inv.No: 30/തി:02.09.2024 പ്രകാരം ന്യൂട്രിമിക്സ് വിതരണം (1,18,739/- രൂപ), രണ്ട് തവണ തുക അനുവദിച്ചത് വഴി 3,39,683/- രൂപയുടെ ( 1,18,739) അധിക ചെലവുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ സൂപ്പർവൈസ തിരികെ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ.3-1 ൽ ചേർത്തിട്ടുണ്ട്.

## 1-14 പെൺകുട്ടികൾക്ക് കരാട്ടെ - ജൂഡോ പരിശീലനം- വാങ്ങിയ യൂണിഫോം ഉപയോഗിച്ചില്ല-ചെലവ് നിരാകരിക്കുന്നു.

പദ്ധതി മാർഗ്ഗരേഖ (സ.ഉ. (കൈ) നം.84/2022/തസ്വഭവ/19.04.222) യിലെ ഖ.6.3. വനിതകൾക്ക് ജൂഡോ, കരാട്ടെ എന്നിവയിലും യോഗയിലും പരിശീലനം നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. അനുബന്ധമായുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)നം.115/2022 തസ്വഭവ തിയതി: 28.05.2022) ഖണ്ഡി യോഗ പരിശീലകനവേണ്ട യോഗ്യതകളെയും പ്രതിഫലത്തെയും കുറിച്ച് സൂചിപ്പിക്കു ജൂഡോ സംബന്ധിച്ച് പ്രത്യേക പരാമർശമില്ല. മേൽ ഖണ്ഡിക പ്രകാരം ഒരു സെഷന് നിരക്കിൽ പരമാവധി 12,000/- രൂപ പരിശീലകന് അനുവദിക്കാവുന്നതാണ്.

പഞ്ചായത്തിൽ പെൺകുട്ടികൾക്ക് ജൂഡോ പരിശീലനം എന്ന പേരിൽ ഐ സി സൂപ്പർവൈസർ പദ്ധതി (234/25 സ്പിൽ ഓവർ) നടപ്പിലാക്കുകയുണ്ടായി. പ വികസനഫണ്ടിൽ (ജനറൽ) നിന്നും താഴെ പറയും പ്രകാരം 90,100/- രൂപ ചെലവഴിച്ചി

1) BRN : 24200352002200265778/09.05.2024 : 46,000/-

2) BRN : 24200352002200265908/09.05.2024 : 18,500/-

3) BRN : 24200352002200265917/09.05.2024 : 25600/-

ഇതിൽ 64,000/- രൂപ പരിശീലകനായ ശ്രീ അഖിൽ മോഹന് ഫീസിനത്തിലും 25 യൂണിഫോം തയ്യാറാക്കിയതിന് കോയിത്തട്ടയിലെ പ്രതീക്ഷ അപ്പാരൽ പാർക്കിനും ( ലെ ബിൽ നം. 03 പ്രകാരം), 500/- രൂപ ബാനർ തയ്യാറാക്കിയതിനുമാണ് ചെലവ യൂണിഫോം വാങ്ങുന്നതിനായി ചെലവഴിച്ച 25,600/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല (വിശദാംശങ്ങൾ ഖ.3-2 ൽ ചേർത്തിട്ടുണ്ട്).

പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ലഭ്യമാക്കിയി

2. പരിശീലനം നൽകുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകളുടെയും അവിടത്തെ ക വിശദാംശങ്ങൾ നൽകിയില്ല.

3. പരിശീലനാർത്ഥികളുടെ ഹാജർ, ലഭ്യമായ ക്ലാസുകളുടെ/സെഷനുകളുടെ എണ്ണ വിവരങ്ങൾ നൽകിയില്ല.

4. പരിശീലന ക്ലാസ്സുകളുടെ/സെഷന്റെ സമയ ദൈർഘ്യം (Duration), പദ്ധതിക്കായി ക
സെഷനുകളുടെയും അതിലൂടെ ആർജ്ജിക്കേണ്ട നിപുണതകളെയും അവയുടെ വിലയിരു
(Competency Test) പരിഗണിച്ച തയ്യാറാക്കിയ പരിശീലന ഷെഡ്യൂൾ എന്നിവ ലഭ്യമാക

5. പരിശീലകന് ഓരോ സെഷനുകൾക്ക് നിശ്ചയിച്ച പ്രതിഫലം, ആകെ പ്രതിഫ
സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്
യൂണിഫോമിന്റെ വില കിഴിച്ച്, പദ്ധതിക്കായി വിനിയോഗിച്ചതിൽ അവശേഷിക്കു
രൂപയുടെ ചെലവ് മുകളിൽ സൂചിപ്പിച്ച അപാകതകൾക്ക് കൃത്യമായ വിശദീകരണം ന
വിധേയമായി തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.28/ 23.06.2025

## 1-15 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകിയതിൽ അപാകത

